Draft #2 of File 29951/ACA1 SO/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Oct-2019 11:41 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിദേശരാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റ് അയക്കുന്നതിനും,Official Transcript/Genuiness Certificate എന്നിവയുടെ Re verification നും ഫീസ് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5118/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.10.2019

---

പരാമർശം:-സിന്റിക്കേറ്റ് മിനിറ്റ്സ് ഇനം നം : 67/19.08/DDFS-29951/2019 തീയതി 05.10.2019

**ഉത്തരവ്**

സർവകലാശാലയിൽ നിന്നും വിദേശത്തേക്കു അയക്കുന്ന തപാൽ ഉരുപ്പടികൾക്കു, സ്പീഡ് പോസ്റ്റ് ചാർജ്ജുകൾ നിജപ്പെടുത്തി നിലവിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതല്ല. സർവകലാശാലയിൽ നിന്നും വിദേശരാജ്യങ്ങളിലേക്ക് രേഖകൾ അയക്കേണ്ടുന്നതിന്റെ ആവശ്യകതകൾ കൂടിയതുകൊണ്ടും, വിദ്യാർത്ഥികളുടെ പക്കൽ നിന്നും മേൽ പറഞ്ഞ സേവനം ആവശ്യപെടുന്നതു ഏറിയതുകൊണ്ടും, പ്രസ്തുത സേവനം കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്തുന്നതിനായി E-payment Portal-ൽ Transmission Charges ഇനത്തിൽ സ്പീഡ് പോസ്റ്റ് മുഖേന അയക്കുന്നതിനു നിശ്ചിത നിരക്കുകൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന് സമർപ്പിച്ചിരുന്നു. ആയതിനു പുറമെ Re-verification of Official Transcript/Genuiness Verification എന്നീ സേവനങ്ങൾക്കും നിലവിൽ ഫീസ് ഒന്നും ഈടാക്കുന്നില്ല എന്ന വസ്തുതയും സിന്റിക്കേറ്റിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.

ടി വിഷയം പരിഗണിച്ച സർവ്വകലാശാലാ സിൻഡിക്കേറ്റ്, പരാമർശം പ്രകാരം, മേൽ സേവനങ്ങൾക്ക് താഴെ പറയും പ്രകാരം ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചു.

1) വിദേശ രാജ്യങ്ങളിലേക്കു Speed Post അയക്കുന്നതിനുള്ള ഫീസ് - Rs.2000/-

2 ) Official Transcript/Genuiness verification ന്റെ Re-verification നുള്ള ഫീസ്- Rs2000/-

മേൽ നിരക്കുകൾ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അഫിലിയേറ്റഡ് കോളേജുകൾ
2. വിസി/പിവിസി എന്നിവരുടെ പി എസ് മാർ
3. രജിസ്ട്രാർ/എഫ് ഒ/സീ ഇ എന്നിവരുടെ പിഎ മാർ
4. ജെആർ/ഡിആർ/എആർ (അക്കാദമിക്/പരീക്ഷ/ഫിനാൻസ്)
5. സിറ്റാഡു / ഐക്യുഎസി/പിആർ ഒ/അന്വേഷണം
6.എസിസി1/എസിസി2/എറ്റിആർ/ കണ്ടൻറ് മാനേജ്മന്റ് സെൽ
7.കരുതൽ ഫയൽ/റിക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 29951/ACA1 SO/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Oct-2019 11:41 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം